# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6134 — 10-07-2012 - ലെ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>,, വി.പി. സജീന്ദ്രൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, ബെന്നിബെഹനാൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (എ) കുട്ടനാട് പാക്കേജിലെ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്കാവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും അവലോകനം ചെയ്യുന്നതിനുമായി മൂന്ന് തലത്തിലുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>1) മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രോസ്പിരിറ്റി കൗൺസിൽ<br>2) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കോർഡിനേഷൻ കമ്മിറ്റി.<br>3) കാർഷിക ഉൽപാദന കമ്മീഷണർ അദ്ധ്യക്ഷനായ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി.<br>ടി മൂന്ന് കമ്മിറ്റികൾ നിരന്തരമായി യോഗം ചേരുകയും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തുവരുന്നു. ഇവയെ കൂടാതെ പ്രാദേശികതലത്തിൽ പദ്ധതി നിർവ്വഹണ നിരീക്ഷണത്തിനും അവലോകനത്തിനുമായി ജില്ലാ കളക്ടർ ചെയർമാനായും ജലവിഭവ വകുപ്പിന്റെ പ്രവൃത്തികളുടെ മോണിട്ടറിംഗിനായി പഞ്ചായത്ത് - പാടശേഖര തലത്തിലും കമ്മിറ്റികൾ നിലവിലുണ്ട്.<br>പാക്കേജിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി ഐ.എ.എസ് കേഡറിലുള്ള പ്രോജക്ട് ഓഫീസറെയും സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രോജക്ട് ഓഫീസർ വിവിധ വകുപ്പുകളുമായി ചർച്ച നടത്തി പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(ബി) പദ്ധതി നടപ്പാക്കുമ്പോൾ കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾനടത്തുമോ;

(ബി) കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പാക്കേജിന് എത്ര തുകയ്ക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്;

(സി) പാക്കേജിനായി നാളിതുവരെ 1292.90 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) അനുഭവ സമ്പന്നരുടെ സാങ്കേതിക പരിജ്ഞാനം, പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും പൂർണ്ണമായി പ്രയോജനപ്പെടുത്താൻ ശ്രമിക്കുമോ?

(ഡി) അനുഭവ സമ്പന്നരായ കർഷകരുടേയും, ജനപ്രതിനിധികളുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഡോ. എംഎസ്.സ്വാമിനാഥനുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സാങ്കേതിക പരിജ്ഞാനവും പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**